**മേലെഴുത്ത് നം. C6/34751/2019/DCE തീയതി 27.09.2019**

2019 ഒക്ടോബർ 21 മുതൽ നവംബർ 15 വരെ ഐ.എം .ജി യുടെ തിരുവനന്തപുരം ഓഫീസിൽ വെച്ച് നടത്തുന്ന ശ്രവണ സംസാര വൈകല്യമുള്ള ജീവനക്കാർക്കുള്ള ഡിപ്പാർട്മെന്റൽ ടെസ്റ്റിനുള്ള പരിശീലനത്തിൽ പങ്കെടുക്കാൻ അർഹതയുള്ള കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ,കൊല്ലം ,പത്തനംതിട്ട ,ആലപ്പുഴ ജില്ലകളിലെ സ്ഥാപനങ്ങളിലെ ക്ലാസ്സ് 3 വിഭാഗത്തിലെ ജീവനക്കാരുടെ പേരുവിവരം ഇതോടൊപ്പമുള്ള അപേക്ഷ ഫോറം സഹിതം തിരുവനന്തപുരം ഐ.എം .ജി യിൽ അയച്ചു കൊടുക്കേണ്ടതാണ് .അവസാനതീയതി 03/ 10/ 2019 ആണ്.

## Approval Valid

Digitally Approved By
ഷൃജ ആർ
Date: 27.09.2019
Reason: Approved

ഒപ്പ് /-
ഷൃജ ആർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

24/9/19

File No.IMG-TVM/138/2019- P2

www.img.kerala.gov.in
e-mail:imgtvpm@gmail.com
ടെലിഫോൺ: 0471-2304229/608
ഫാക്സ്: 0471-2303233/0471-2302391

# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെൻറ്

(കേരള സർക്കാരിന്റെ സ്വയംഭരണ സ്ഥാപനം)

വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം - 695 033

നംപർ.138/പി2/2019/ഐ.എം.ജി. 19.9.2019

ഡയറക്ടർ
കൊളീജിയേറ്റ് എഡ്യൂക്കേഷൻ വകുപ്പ്
വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം

സർ,

വിഷയം: ഐ.എം.ജി.- സർക്കാർ സർവ്വീസിൽ എൻട്രി കേഡറിൽ പ്രവേശിക്കുന്ന ശ്രവണ സംസാര വൈകല്യമുള്ള ജീവനക്കാർക്ക് ഡിപ്പാർട്ടുമെൻറൽ ടെസ്റ്റിനുള്ള പരിശീലനം (STP-1417)- നാമനിർദ്ദേശം ക്ഷണിക്കുന്നത് സംബന്ധിച്ച് -

സൂചന ട്രെയിനിംഗ് കലണ്ടർ 2019 -20

സർക്കാർ സർവ്വീസിൽ എൻട്രി കേഡറിൽ പ്രവേശിക്കുന്ന ശ്രവണ സംസാര വൈകല്യമുള്ള ജീവനക്കാർക്ക് ഡിപ്പാർട്ടുമെൻറൽ ടെസ്റ്റിനുള്ള പരിശീലനം ഐ.എം.ജി.യുടെ തിരുവനന്തപുരം ഓഫീസിൽ 2019 ഒക്ടോബർ 21 മുതൽ നവംബർ 15 വരെ തിയതികളിൽ നടത്തുന്നതാണ്. സർവ്വീസ് നിയമങ്ങളും ചട്ടങ്ങളും, ധനകാര്യ മാനേജ്മെൻറ്, വ്യക്തിഗത കാഴ്ച്ചപ്പാട്, സർവ്വീസ് ഡെലിവറി, ഇ-ഗവേണൻസും അക്കൗണ്ടബിലിറ്റിയും തുടങ്ങിയവയാണ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് പരിശീലനത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ള ക്ലാസ്സ് 3 വിഭാഗത്തിലുള്ള ജീവനക്കാരുടെ പേരു വിവരം ഇതോടൊപ്പമുള്ള അപേക്ഷാഫോറം സഹിതം അയച്ചു തരാൻ താൽപര്യപ്പെടുന്നു. അപേക്ഷാ ഫോറം ഐ.എം.ജി.യുടെ വെബ്സൈറ്റിലും ലഭ്യമാണ്. നാമനിർദ്ദേശം ലഭിക്കേണ്ട അവസാന തിയതി 3.10.2019 ആണ്.

കൂടുതൽ വിവരങ്ങൾക്ക് അസോസിയേറ്റ് ഫെല്ലോ & കോഴ്സ് ഡയറക്ടർ ശ്രീ.കെ.കെ.രാജഗോപാലൻ നായർ (Phone - 9074825944/9074286701) സെക്ഷൻ ഓഫീസർ, പരിശീലന വിഭാഗം (ഫോൺ - 0471 - 2304229 Extn. 839 / എന്നി ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

പേര് നിർദ്ദേശിക്കപ്പെടുന്നവരെ പരിശീലനത്തിന് തെരഞ്ഞെടുത്തതായി ഐ.എം.ജി.യിൽ നിന്നും അറിയിപ്പു ലഭിച്ചതിനുശേഷം മാത്രമെ വിടുതൽ ചെയ്യേണ്ടതുള്ളൂ.

വിശ്വസ്തതയോടെ,

Mary Helen Robb
സെക്രട്ടറി

## അപേക്ഷാ ഫാറം

| | | |
|---|---|---|
| 1. | പേര് | |
| 2. | തസ്തികയുടെ പേര് | |
| 3. | ജോലി ചെയ്യുന്ന ഓഫീസ് | |
| 4. | ശമ്പള സ്കെയിൽ | |
| 5. | ജനനതീയതി | |
| 6. | പുരുഷൻ /സ്ത്രീ/ട്രാൻസ്ജൻറർ | |
| 7. | സർവ്വീസിൽ പ്രവേശിച്ച തീയതി, പ്രവൃത്തി പരിചയം | |
| 8. | പെൻ നംപർ | |
| 9. | സ്ഥിരം മേൽവിലാസം | |
| 10. | ഇ മെയിൽ | |
| 11. | ഫാക്സ് നംപർ | |
| 12. | മൊബൈൽ നംപർ | |
| 13. | മുൻപ് സർക്കാർ സർവ്വീസിൽ ജോലി ചെയ്തിട്ടുണ്ടോ ?<br>ഉണ്ടെങ്കിൽ വിശദാംശങ്ങൾ | |
| 14. | ഡിപ്പാർട്ട്മെൻറ് ടെസ്റ്റ് പാസായിട്ടുണ്ടോ? | |
| 15. | ഹോസ്റ്റൽ സൗകര്യം ആവശ്യമുണ്ടോ ? | |

ഓഫീസ് മേലധികാരിയുടെ ഒപ്പും മുദ്രയും